തേജസ്

1183 എടവം 3 ■ 1429 ജമാദുൽ അവ്വൽ 10
17 മെയ് 2008 ശനി

മലബാറുകാരെ പോരാട്ടം ആരും പഠിപ്പിക്കേണ്ട

വിദ്യാഭ്യാസരംഗത്തു പരിഷ്കാരങ്ങൾ പൊടിപൊടിക്കുകയും ആരും തോൽക്കാത്ത പരീക്ഷകൾ, പരീക്ഷയെന്ന പേരിനെത്തന്നെ അപഹാസ്യമാക്കിക്കൊണ്ടു സംസ്ഥാന വിദ്യാഭ്യാസരംഗത്തു വിപ്ലവകരമായ അടിവയ്പുകളുമായി മുന്നേറുകയും ചെയ്യുമ്പോൾ തന്നെ, ഈ പ്രഹസനത്തിൽപ്പോലും പങ്കാളികളാവാൻ കഴിയാതെ ഏതാണ്ടു മുക്കാൽലക്ഷം വിദ്യാർഥികൾ സംസ്ഥാനത്തിന്റെ വടക്കുഭാഗത്തു തെക്കുവടക്കു നടക്കേണ്ടിവരുന്ന ദുരന്തം ബേബിസാർ അറിയുന്നുണ്ടോ ആവോ! അതോ, അയ്യപ്പന് എന്തിനാ പെണ്ണ് എന്നു ചോദിച്ചപോലെ, മലബാറുകാർക്ക് എന്തിനാ പള്ളിക്കൂടം എന്നായിരിക്കുമോ മന്ത്രിയുടെ മനസ്സിലിരിപ്പ്.

പ്രശ്നം പെട്ടെന്നു പൊട്ടിയുണ്ടായതല്ല. സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകൾ പ്ലസ്ടു സീറ്റുകളുടെ അമിതഭാരംകൊണ്ടു വീർപ്പുമുട്ടുമ്പോൾ മലബാറിലെ വിദ്യാർഥികൾ വേഴാമ്പലുകളെപ്പോലെ വരണ്ട തൊണ്ടകളുമായി ഒരു സീറ്റിനുവേണ്ടി കഴിഞ്ഞ ഏതാനും വർഷങ്ങളായി കലമ്പൽ കൂട്ടുകയാണ്. ആവശ്യത്തിന്റെ ഗൗരവം ശരിക്കറിഞ്ഞ മന്ത്രി ബേബി ഒരുഘട്ടത്തിൽ അനുകൂലമായി പ്രതികരിച്ചിരുന്നു. എന്നാൽ, ധനകാര്യവകുപ്പിനു മേൽ അടയിരിക്കുന്ന ബേബിയുടെ സഹപ്രവർത്തകൻ ഡോ. തോമസ് ഐസക് അവിടെയുമെത്തി ഉടക്കുകളുണ്ടാക്കി. റിച്ചാർഡ് ഫ്രാങ്കിയുടെ പ്രേതം കുടികൊള്ളുന്ന ഡോക്ടർക്ക് ഈ മൂന്നാംവേദക്കാരുടെ കാര്യത്തിൽ ഒരു താൽപ്പര്യവും ഉണ്ടായിക്കൊള്ളണമെന്നില്ല. എല്ലാമെല്ലാം ഉടക്കിയശേഷം വിശദീകരണം കൊണ്ട് ഓട്ടയടയ്ക്കലാണല്ലോ അങ്ങേരുടെ പതിവ്. എവിടെ നിന്നു കിട്ടിയതാണ് ഈ സഖാവിനെ എന്നു ചോദിക്കുന്നില്ല. സമ്മർദ്ദം ശക്തമായപ്പോൾ കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിന്റെ അവസാനം വച്ചു ചില അഭ്യാസങ്ങളുമായി മന്ത്രി ബേബി രംഗത്തെത്തിയത് ഓർക്കുന്നു. 20,000 സീറ്റുകൾ വേണ്ടിടത്തു കേവലം 7000 സീറ്റുകൾ അനുവദിച്ചുകൊണ്ടായിരുന്നു മന്ത്രിയുടെ മുഖംമിനുക്കൽ. എന്നിട്ടും മലപ്പുറത്തെ കുട്ടികൾ വിട്ടില്ല. അവർ പഠിച്ചു മിടുക്കുതെളിയിച്ചു. കോപ്പിയടിച്ചാണ് അവർ പ്ലസ്ടു പാസായതെന്നു ഭാഗ്യത്തിന് ആരും പറഞ്ഞുകണ്ടില്ല. ഇത്തവണ ഉപരിപഠനത്തിന് അർഹത നേടിയ ഏറ്റവും കൂടുതൽ വിദ്യാർഥികൾ മലപ്പുറത്തുകാരാണ്.

മലബാറിലെ വിദ്യാഭ്യാസപ്രതിസന്ധി പരിഹരിക്കാൻ കുറുക്കുവഴികളില്ല. സർക്കാർ–എയ്ഡഡ് മേഖലയിൽ കൂടുതൽ സെക്കൻഡറി സ്കൂളുകൾ അനുവദിക്കലാണു പരിഹാരം. നിത്യം രാവിലെ പാഠപുസ്തകങ്ങളുമായി മലപ്പുറത്തു നിന്ന് ഇടുക്കിയിലെ ഒഴിഞ്ഞ പ്ലസ്ടു സീറ്റുകൾ നികത്താൻ പോയിവരുക പ്രായോഗികമല്ല. പോരാട്ടം മലപ്പുറത്തുകാരെ ആരും പഠിപ്പിക്കേണ്ടതില്ലല്ലോ. തെറ്റുതിരുത്താൻ സന്നദ്ധമല്ലെങ്കിൽ പഴയ പോരാട്ടവീര്യം പുറത്തെടുക്കാൻ അവർ നിർബന്ധിതരാവും.

കുടിക്കാൻ മലിനജലം

കാലഫോർണിയയിലെ ലോസ് ആഞ്ചലസ് നഗരമെന്നു പറഞ്ഞാൽ ഭൂമിയിലെ പറുദീസയെന്നുതന്നെ പറയണം. ഹോളിവുഡ് അവിടെയാണ്. ലോകത്തെ ഏറ്റവും ധനികരായ ആളുകൾ തിങ്ങിത്താമസിക്കുന്ന പ്രദേശം. നിത്യഹരിത ആക്ഷൻ ഹീറോ ഷ്വാർസനെഗർ ഗവർണറായി ഭരണം പൊടിപൊടിക്കുന്ന പ്രദേശവും അതുതന്നെ.

പറഞ്ഞിട്ടെന്തു ഫലം? നഗരവാസികൾക്കു നേരാംവണ്ണം കുടിവെള്ളമില്ല. ഭൂമിക്കടിയിലെ ജലസംഭരണികളൊക്കെ വറ്റിവരണ്ടു. ദൂരെയെങ്ങോ ഒഴുകുന്ന അവൻസ് നദി വഴിതിരിച്ചുകൊണ്ടുവരാനുള്ള പരിപാടിയും വെള്ളത്തിലായ മട്ടാണ്. കാരണം, നദിയുടെ വറ്റിവരണ്ട കരകളിലെ താമസക്കാർ വലിയ കോലാഹലമുണ്ടാക്കുന്നു. നദി മോഷ്ടിക്കാനുള്ള നഗരസഭയുടെ ശ്രമത്തിനെതിരേ അവർ കോടതി കയറിയിരിക്കുകയാണ്.

അതുകൊണ്ട് അറ്റകൈ തന്നെ പ്രയോഗിക്കാൻ തീരുമാനിച്ചിരിക്കുകയാണു നഗരസഭ. അഴുക്കുവെള്ളം വൃത്തിയായി ശുചീകരിച്ച് ഐശ്വര്യമായി കുടിക്കുകതന്നെ. 48 കോടി ഡോളർ ഉപയോഗിച്ചു മലിനജലം ശുചീകരിക്കുന്ന ഒരു പദ്ധതി സമീപദേശത്തെ ഒരു നഗരത്തിൽ ഇപ്പോൾത്തന്നെ ആരംഭിച്ചുകഴിഞ്ഞു. അത്തരമൊന്ന് ആരംഭിച്ചു ഭൂമിക്കടിയിലെ ജലസംഭരണികളിലേക്കു ശുദ്ധീകരിച്ച ജലം വീണ്ടുമെത്തിച്ചു ജലവിതരണം ശക്തിപ്പെടുത്താനാണു പരിപാടി. ഇപ്പോൾ കിട്ടുന്ന പൈപ്പുവെള്ളത്തേക്കാൾ ശുദ്ധമായിരിക്കും ഈ മലിനജലമെന്നും അധികൃതർ അവകാശപ്പെടുന്നുണ്ട്. പക്ഷേ, ജനം അതിനോടു രൂക്ഷമായാണു പ്രതികരിക്കുന്നത്. അമിത ഉപയോഗവും ദുർവ്യയവും ഒഴിവാക്കിയാൽ നഗരത്തിന് ആവശ്യമായ ജലത്തിന് ക്ഷാമമുണ്ടാവില്ല എന്നാണ് ഒരുവിഭാഗം പറയുന്നത്. എന്നാൽ അതു പ്രയോഗത്തിൽ വരുത്താൻ പ്രയാസം. ഏതായാലും താരനിബിഡമായ നഗരം പ്രാഥമികാവശ്യത്തിനു ജലം തേടി നെട്ടോട്ടമോടുന്ന കാഴ്ച രസകരം തന്നെ.

നേർവര

തിരിച്ചുവന്നവരെ മാറ്റിനിർത്തിയാൽ
ദോഷം ചെയ്യുമെന്ന് കരുണാകരൻ.

ഇന്ദിരാജി ഇല്ലാത്തതിന്റെ വിഷമം
ഇപ്പഴാ മനസ്സിലാവുന്നത്...!

മുന്നേറ്റത്തിന്റെ മൂന്നാംവർഷത്തിലേക്ക്

■ വി എസ് അച്യുതാനന്ദൻ ■

വികസന–ക്ഷേമരംഗങ്ങളിൽ അഭൂതപൂർവമായ നേട്ടങ്ങളുടെ റെക്കോഡുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്നാംവർഷത്തിലേക്കു കടക്കുകയാണ്. ആഗോളവൽക്കരണനയങ്ങൾ കാരണം രാജ്യത്താകെയുണ്ടായ ഭക്ഷ്യക്കമ്മിയുടെയും കടുത്ത വിലക്കയറ്റത്തിന്റെയും സാഹചര്യത്തിൽ സാധാരണജനങ്ങൾക്കു പരമാവധി ആശ്വാസം പകരാൻ ബദൽനയങ്ങൾ നടപ്പാക്കുന്നുവെന്നതാണു മറ്റു സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും എൽ.ഡി.എഫ് ഗവൺമെന്റിനെ വ്യത്യസ്തമാക്കുന്ന ഒരു ഘടകം.

കാർഷിക–വ്യവസായരംഗങ്ങളിൽ ഉൽപ്പാദനം വർധിപ്പിച്ചുകൊണ്ടല്ലാതെ കേരളത്തിനു മുന്നോട്ടുപോവാനാവില്ലെന്ന് ഇടതുമുന്നണി ഗവൺമെന്റ് തുടക്കത്തിലേ വ്യക്തമാക്കിയതാണ്. നിലവിലുള്ള വ്യവസായങ്ങളുടെ രോഗം മാറ്റി പുതുചൈതന്യം പകരുക, പുതിയ വ്യവസായങ്ങൾ തുടങ്ങുക, കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുകയും ഉൽപ്പാദനം വർധിപ്പിക്കാൻ നടപടിയെടുക്കുകയും ചെയ്യുക–സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമായുള്ളത് ഇതാണ്. ഈ രണ്ടു കാര്യങ്ങളിലും അടിസ്ഥാനപരമായ തുടക്കങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

കാർഷിക-വ്യവസായരംഗങ്ങളിൽ ഉൽപ്പാദനം വർധിപ്പിച്ചുകൊണ്ടല്ലാതെ കേരളത്തിനു മുന്നോട്ടുപോവാനാവില്ലെന്ന് ഇടതുമുന്നണി ഗവൺമെന്റ് തുടക്കത്തിലേ വ്യക്തമാക്കിയതാണ്. നിലവിലുള്ള വ്യവസായങ്ങളുടെ രോഗം മാറ്റി പുതുചൈതന്യം പകരുക, പുതിയ വ്യവസായങ്ങൾ തുടങ്ങുക, കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുകയും ഉൽപ്പാദനം വർധിപ്പിക്കാൻ നടപടിയെടുക്കുകയും ചെയ്യുക- സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമായുള്ളത് ഇതാണ്. ഈ രണ്ടു കാര്യങ്ങളിലും അടിസ്ഥാനപരമായ തുടക്കങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

അവശേഷിച്ച നെൽപ്പാടങ്ങളെങ്കിലും സംരക്ഷിച്ചു നെൽകൃഷി പോഷിപ്പിക്കുന്നതിനു സർക്കാർ ഊന്നൽ നൽകുന്നു. നെൽപ്പാടങ്ങളും നീർത്തടങ്ങളും നികത്തുന്നതു തടയാനുള്ള ബില്ല് അംഗീകരിച്ചത് അതിന്റെ ഭാഗമാണ്. ഭക്ഷ്യധാന്യങ്ങളുടെയും മറ്റു ഭക്ഷ്യവസ്തുക്കളുടെയും ഉൽപ്പാദനം വർധിപ്പിക്കുന്നതിന് ഒരു സമഗ്രപദ്ധതി രണ്ടാം വാർഷികവേളയിൽ തുടങ്ങുകയാണ്. ഇതിനായി വ്യത്യസ്തതലങ്ങളിൽ ചർച്ച നടന്നുവരുകയാണ്.

നമ്മുടെ നെല്ലറയായ കുട്ടനാടിനെയും ഓണാട്ടുകര പാടശേഖരങ്ങളെയും രക്ഷിക്കാനും ആലപ്പുഴ ജില്ലയിലെ മറ്റു വിളകളെ പുനരുദ്ധരിക്കാനും മൽസ്യബന്ധന മേഖലയ്ക്കു പുതുചൈതന്യം പകരാനും ദീർഘകാലികവും ശാസ്ത്രീയവുമായ പദ്ധതിയാണു ഡോ. സ്വാമിനാഥൻ കമ്മീഷൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടനാട് പാക്കേജ് പോലെ ഇടുക്കിക്കും ഒരു പാക്കേജ് ഡോ. സ്വാമിനാഥൻ കേന്ദ്രത്തിനു സമർപ്പിച്ചിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ സമ്മർദ്ദത്തെ തുടർന്നു കമ്മീഷനെ നിയോഗിച്ച കേന്ദ്രസർക്കാർ, രണ്ടു പാക്കേജും നടപ്പാക്കാൻ ഇനിയും സന്നദ്ധമായിട്ടില്ല. അതിനായി കേന്ദ്രത്തിൽ സമ്മർദ്ദം തുടരുകയാണ്.

പൊതുവിതരണം ശക്തിപ്പെടുത്തി വിലക്കയറ്റം പിടിച്ചുനിർത്താൻ ശ്രമിക്കുകയാണു സർക്കാർ. സിവിൽ സപ്ലൈസ് വകുപ്പും സഹകരണ വകുപ്പും ഇക്കാര്യത്തിൽ നിരന്തരവും കാര്യക്ഷമവുമായ പ്രവർത്തനമാണു നടത്തിവരുന്നത്. സപ്ലൈകോയും കൺസ്യൂമർ ഫെഡും പ്രവർത്തനം വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്തു. അന്യാധീനപ്പെട്ട സർക്കാർഭൂമി വീണ്ടെടുക്കാൻ തീവ്രയത്നമാണു നടത്തുന്നത്. മൂന്നാറിൽ മാത്രം 12,000 ഏക്കർ ഭൂമി വീണ്ടെടുത്തു. അനധികൃതമായ നൂറോളം വൻ കെട്ടിടങ്ങളും റിസോർട്ടുകളും ഇടിച്ചുനിരത്തി. സംസ്ഥാനത്താകെ 15,000ത്തിൽപ്പരം ഏക്കർ ഭൂമി വീണ്ടെടുത്തു. കൈയേറ്റമൊഴിപ്പിക്കലിന്റെയും സർക്കാർ ഭൂമി വീണ്ടെടുക്കലിന്റെയും ഈ ഐതിഹാസിക മുന്നേറ്റം കേരളചരിത്രത്തിലെ അഭൂതപൂർവമായ സംഭവമാണ്. വീണ്ടെടുത്ത ഭൂമിയും മറ്റു മിച്ചഭൂമികളും സംസ്ഥാനത്തിനനുകൂലമായ വമ്പിച്ച മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. ഐ.ടി രംഗത്തു വമ്പിച്ച കുതിച്ചുചാട്ടത്തിനു തുടക്കം കുറിക്കാൻ കഴിഞ്ഞ ഒന്നരവർഷംകൊണ്ടു കഴിഞ്ഞു. തിരുവനന്തപുരത്ത് ടെക്നോ സിറ്റി എന്ന പേരിൽ പുതിയ ഐ.ടി നഗരം സ്ഥാപിക്കാൻ 507 ഏക്കർ ഭൂമി അക്വയർ ചെയ്യുകയാണ്. 100 ഏക്കർ കൂടി ഏറ്റെടുത്തു ടെക്നോപാർക്ക് വികസിപ്പിക്കുന്നു. കാർഷിക കടാശ്വാസ കമ്മീഷന്റെ മാതൃകയിൽ മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനും നിലവിൽ വന്നുകഴിഞ്ഞു. കാർഷിക കടാശ്വാസ കമ്മീഷന്റെ ശുപാർശപ്രകാരം വയനാടു ജില്ലയിലെ ഒരേക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാരുടെ കാർഷികമായ കടങ്ങൾ എഴുതിത്തള്ളാൻ നടപടിയെടുത്തു. നൂറും നൂറ്റിയിരുപതും രൂപ മാത്രമായിരുന്ന ക്ഷേമപെൻഷനുകൾ ഒറ്റയടിക്ക് 200 രൂപയായി വർധിപ്പിക്കുകയും കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തു. ക്ഷേമനിധിയുടെ പരിധിയിൽ ലക്ഷക്കണക്കിനു തൊഴിലാളികളെ പുതുതായി ഉൾപ്പെടുത്തി. രണ്ടുലക്ഷത്തോളം ചെറുകിട തോട്ടംതൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തി. ക്രമസമാധാനത്തകർച്ചയും സാർവത്രികമായ ഗുണ്ടായിസവുമാണ് യു.ഡി.എഫ് ഭരണത്തിൽ നടന്നത്. പോലിസിനെ കാര്യക്ഷമമാക്കിക്കൊണ്ടും ക്രിയാത്മകമായ പരിഷ്കാരങ്ങൾ വരുത്തിയും ക്രമസമാധാനപാലനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കി. ഗുണ്ടായിസം അമർച്ച ചെയ്തു, കുറ്റകൃത്യങ്ങൾ വലിയൊരളവോളം കുറച്ചുകൊണ്ടുവന്നു.

തിരുവനന്തപുരം എയർപോർട്ടിൽ പുതിയ അന്താരാഷ്ട്ര ടെർമിനൽ, എയർക്രാഫ്റ്റ് മെയിന്റനൻസ് യൂനിറ്റ് എന്നിവ ആരംഭിക്കുന്നതിനു തുടക്കം കുറിച്ചത്, തിരുവനന്തപുരം, കൊച്ചുവേളി റെയിൽവേ സ്റ്റേഷനുകളുടെ നവീകരണപദ്ധതി, കൊല്ലത്തെ റെയിൽവേ മൽട്ടിപ്ലിപ്പിൾ യൂനിറ്റിനുള്ള അനുമതി, ചേർത്തലയിൽ ഓട്ടോകാസ്റ്റിൽ റെയിൽവേ ബോഗി നിർമാണശാല സ്ഥാപിക്കാനുള്ള അനുമതി എന്നിവയെല്ലാം നിരന്തര സമ്മർദ്ദംകൊണ്ടു നേടിയെടുക്കാൻ കഴിഞ്ഞതാണ്. കണ്ണൂർ എയർപോർട്ടിനു കേന്ദ്രത്തിൽ നിന്നുള്ള അനുമതികളെല്ലാം നേടിയെടുക്കാൻ കഴിഞ്ഞു. എയർപോർട്ടിന് ആവശ്യമായ 2200 ഏക്കർ ഭൂമി ഫാസ്റ്റ്ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുക്കുകയാണിപ്പോൾ. കോഴിക്കോട് വിമാനത്താവള വികസനത്തിനായി സ്ഥലം ലഭ്യമാക്കാൻ നടപടിയെടുത്തു. ലോകത്തെ തന്നെ മുന്നാമത്തെ പ്രധാനപ്പെട്ട സ്പേസ് ഇൻസ്റ്റിറ്റ്യൂട്ട്–ഐ.എസ്.ആർ.ഒവിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി– തിരുവനന്തപുരത്തു പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. സ്പേസ് ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ സ്ഥലം സൗജന്യമായി അനുവദിച്ചു. കണ്ണൂരിൽ നാഷനൽ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.

എല്ലാവർക്കും കുടിവെള്ളമെത്തിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾക്കു തുടക്കം കുറിച്ചു. സ്തംഭനത്തിലായിരുന്ന ജപ്പാൻ കുടിവെള്ളപദ്ധതിയുടെ പ്രവർത്തനം തുടങ്ങുകയും മുടങ്ങിക്കിടന്ന 41 കുടിവെള്ളപദ്ധതികളുടെ നിർമാണപ്രവൃത്തി നബാർഡ് സഹായത്തോടെ നടത്താൻ തുടക്കം കുറിക്കുകയും ചെയ്തു.

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമായ രണ്ടു പദ്ധതികളാണു വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതിയും. വല്ലാർപാടം ടെർമിനൽ പദ്ധതിക്കു റെയിൽവേ കണക്കിവിറ്റിക്ക് ആവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ കഴിയാത്ത നിലയിൽ പ്രതിസന്ധി നിലനിൽക്കുകയായിരുന്നു. റോഡ്, റെയിൽ കണക്ടിവിറ്റിക്ക് പരിസ്ഥിതി അനുമതി ലഭ്യമായിരുന്നില്ല. തടസ്സങ്ങളെല്ലാം നീക്കുന്നതിനു സംസ്ഥാന സർക്കാർ പരിശ്രമിച്ചു. പരിസ്ഥിതി അനുമതി ഉൾപ്പെടെ ലഭ്യമാക്കി. അങ്ങനെ ഇന്ത്യയിലെ ആദ്യത്തെ ഇന്റർനാഷനൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ യാഥാർഥ്യമാവാൻ പോവുന്നു. വിഴിഞ്ഞം ഇന്റർനാഷനൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതി നടപ്പാക്കാൻ നേരത്തേ കരാറായതു ചൈനീസ് കമ്പനിയുമായിട്ടായിരുന്നു. സുരക്ഷാകാരണങ്ങൾ പറഞ്ഞു കേന്ദ്ര പ്രതിരോധമന്ത്രാലയം അതിന് അനുമതി നൽകിയില്ല. എന്നാൽ പദ്ധതി നടപ്പാക്കുന്നതിനു ദൃഢനിശ്ചയത്തോടെ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുനീങ്ങി. പദ്ധതി നടത്തിപ്പിന് ആഗോള ടെൻഡറിലൂടെ സ്വകാര്യപങ്കാളിയെ കണ്ടെത്തി. 5348 കോടി രൂപ ചെലവു വരുന്ന പദ്ധതിയുടെ ആദ്യഘട്ടം 2390 കോടി രൂപ ചെലവിൽ മൂന്നുവർഷം കൊണ്ടു പൂർത്തിയാക്കും.

കേരളത്തിൽ റെയിൽവേ എത്തിയിട്ട് ഒന്നര നൂറ്റാണ്ടായെങ്കിലും റെയിൽവേയുമായി ബന്ധപ്പെട്ടഒരു സ്ഥാപനം പോലും ഇവിടെ തുടങ്ങിയില്ല. കാൽനൂറ്റാണ്ടു മുമ്പ് കേരളത്തിൽ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും അവസാനനിമിഷം അതു പഞ്ചാബിലെ കപൂർത്തലയിലേക്കു മാറ്റുകയായിരുന്നു. ഇത്തവണ സേലം ഡിവിഷൻ പ്രശ്നത്തിൽ നാം അതിശക്തമായ സമ്മർദ്ദം ചെലുത്തിയപ്പോൾ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ കേന്ദ്രസർക്കാർ സമ്മതിച്ചു. പാലക്കാട് കഞ്ചിക്കോട്ട് നാലായിരത്തോളം കോടി രൂപ മുതൽമുടക്കി അത്യാധുനിക റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

ഇനി പുരോഗതിയുടെ കാലമാണ്.

കോരാനന്ദയും സെലിബ്രിറ്റി സ്വാമിയും

നാട്ടുകാര്യം

■ കുന്നത്തൂർ രാധാകൃഷ്ണൻ

കഴിഞ്ഞ കുറേ ദിവസങ്ങളായി കോരനു വല്ലാത്ത അസ്കൃത അനുഭവപ്പെടുന്നുണ്ട്. മൂലക്കുരു ബാധിച്ചതുപോലുള്ള അസ്വസ്ഥതയാണിത്. മൂലക്കുരുവിനു ശസ്ത്രക്രിയ നടത്തിയാൽ പോരേ എന്നായിരിക്കും വായനക്കാരൻ ചിന്തിക്കുക. ശസ്ത്രക്രിയ ഇല്ലാതെയും ഈ സൂക്കേട് മാറ്റാനുള്ള നവ സാങ്കേതികവിദ്യ നാടിന്റെ മുക്കിലും മൂലയിലും പതിയിരിക്കുന്ന മുറിവൈദ്യന്മാർ എന്ന പണ്ടാരക്കാലന്മാരുടെ പക്കലുണ്ട് എന്ന വസ്ത്രമുടുക്കാത്ത സത്യം കോരന് അറിയാൻ പാടില്ലാഞ്ഞിട്ടല്ല.

അതിനാൽ, മേൽക്കാണിച്ച ദുർഗ്രഹമായ മുഖവുര മറികടക്കാൻ ശുദ്ധ മണിപ്രവാളത്തിൽ കോരൻ സാഹിത്യം ലളിതവൽക്കരിക്കുകയാണ്. കോരൻ അനുഭവിക്കുന്നതു യഥാർഥത്തിൽ മൂലക്കുരുവുതന്നെയല്ല. മൂലക്കുരുവെന്നു പ്രത്യക്ഷത്തിൽ തോന്നിക്കുന്ന മറ്റൊരു ദാർശനികവ്യഥയാണ്.

കഴിഞ്ഞ ദിവസങ്ങളിൽ സന്തോഷ് മാധവൻ എന്ന കാവി സന്ന്യാസിക്കു ലഭിച്ച സ്വീകരണം ശ്രദ്ധിച്ചുകാണുമല്ലോ! പത്രങ്ങളുടെ ഒന്നാംപേജിൽ ചങ്ങായ് ദിവസങ്ങളോളം വിലസി. മലയാളമറിയാത്തവർ ഈ പത്രങ്ങളിലെ പടങ്ങൾ കണ്ട്, ചങ്ങായ് പുതിയ മഹാത്മാഗാന്ധിയാണെന്നു തെറ്റിദ്ധരിച്ചത്രെ.

ആശ്രമം, ഹോമം, പിടിച്ചുപറി, ഭീഷണി, ബലാൽസംഗം തുടങ്ങിയ മധുരമനോജ്ഞപദങ്ങൾ പോലിസ് ഇതിയാന്റെ മാറാപ്പിൽ നിക്ഷേപിച്ചിരിക്കുകയാണ്. വല്ലാത്തൊരു ബഹുമാന്യത കിട്ടിയ ആഹ്ലാദത്തിലുമാണു മാധവൻ. സന്തോഷ് എന്ന പേര് അന്വർഥമാക്കാൻ സന്തോഷം പ്രകടിപ്പിക്കേണ്ടതുമുണ്ടല്ലോ!

ചാനൽ തുറന്നാൽ ചങ്ങായിന്റെ ഫോട്ടോജനിക് മോന്ത കണ്ട് അന്തംവിട്ടുനിൽക്കുന്നവരുമുണ്ടത്രെ. ഇത്ര ഐശ്വര്യമുള്ള ഒരു മഹാനെ തേജോവധം ചെയ്യുന്നവർക്കു നരകം ലഭിക്കുമെന്ന് ഒരുത്തൻ ശപിക്കുകയും ചെയ്തത്രെ. ശാപം ഭയന്നാണെന്നു തോന്നുന്നു, ഒരു പത്രം പിന്നീട് ടിയാനെ 'അദ്ദേഹം' എന്നാണു വിശേഷിപ്പിച്ചത്. സ്വാമിയായതിനാൽ അദ്ദേഹമെന്നേ പറയാവൂ. ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടില്ലല്ലോ!

നമ്മുടെ സ്വാമി, ചരിത്രം തിരുത്തിക്കുറിച്ചവനാണ്. ഹരിദ്വാറിൽ, കുളിക്കാതെ കോണകം മാത്രം ഉടുത്തു മന്ത്രം ജപിക്കുന്ന സന്ന്യാസിമാരെ മാത്രം പരിചയമുള്ളവർക്ക് അതു മനസ്സിലാവില്ല. സദാ സന്തോഷിക്കുന്ന ഈ മാധവൻ ഒരു 'റൊമാന്റിക് ഹീറോ' കൂടിയാണ്. ലോകം കണ്ടതിൽ വച്ചേറ്റവും വലിയ കല്യാണത്തിനല്യോ എയർ കണ്ടീഷൻഡ് ഹോട്ടൽ സാക്ഷ്യംവഹിച്ചത്. പിന്നെ ചെറുപിള്ളാരെ ബലാൽസംഗം ചെയ്തത് അത്ര വലിയ ആനക്കാര്യമൊന്നുമല്ല. അമേരിക്കയിൽ ചായകുടിപോലെയാണു ബലാൽസംഗമെന്നു നമ്മുടെ ഒരു മുൻമുഖ്യമന്ത്രി തന്നെ നേരത്തേ പറഞ്ഞതാണല്ലോ!

കോരന്റെ ദുഃഖം എന്താണെന്ന് ഇപ്പോൾ വായനക്കാർക്കു പിടികിട്ടിക്കാണും. പിടികിട്ടാത്ത മരമണ്ടന്മാരുടെ ശ്രദ്ധയ്ക്കു വേണ്ടിയാണ് ഇനി മൗസ് ചലിപ്പിക്കുന്നത്. പത്തുമുപ്പതു കൊല്ലം സാഹിത്യവും പ്രസംഗവുമായി നടന്നിട്ടു കോരന് എന്തുകിട്ടി? രണ്ടു മണിക്കൂർ വിയർപ്പൊഴുക്കി പ്രസംഗിച്ചാൽ സിംഗിൾ കോളത്തിൽ ആരും കാണാത്തിടത്തായിരിക്കും കോരനു കിട്ടുന്ന (കു)പ്രശസ്തി. ഇതിനിടെ അവാർഡുകൾ പലതു കിട്ടിയിട്ടും ഒന്നാംപേജിലേക്കു കടക്കാൻ കോരനു കഴിഞ്ഞിട്ടില്ല. അവാർഡ് സ്വയം സംഘടിപ്പിക്കുന്നതാണെന്നു സാഹിത്യരംഗത്തെ കോരൻവിരുദ്ധ പ്രഭൃതികൾ പത്രാധിപന്മാരെ ധരിപ്പിക്കുന്നതാണ് അതിനു കാരണമെന്നും പറയപ്പെടുന്നുണ്ട്.

എന്നാൽ, സ്വാമി മാധവനു കിട്ടിയ പബ്ലിസിറ്റി എത്ര? ജയിലിൽക്കിടന്നു തിരഞ്ഞെടുപ്പിൽ മൽസരിച്ചാൽ ചങ്ങായ് എതിരാളികളെ നിലംപരിശാക്കി തൂത്തുവാരുമെന്നാണ് ആഭ്യന്തരമന്ത്രാലയത്തിന്റെ കോൺഫിഡൻഷ്യൽ റിപോർട്ടിൽ കാണുന്നത്. വിവിധ കക്ഷികളിലെ താപ്പാനകൾ ഭീതിയിലുമാണത്രെ. എവിടെയാണു ടിയാൻ ചാടിവീണു പത്രിക കൊടുക്കുക എന്നു പ്രവചിക്കാനാവില്ലല്ലോ! ചന്ദ്രസ്വാമി എന്നൊരുത്തനെപ്പറ്റി മുമ്പു കേട്ടിരുന്നു. ചങ്ങായ് ചത്തോന്നറിയില്ല. അതിനു മുമ്പു ധീരേന്ദ്ര ബ്രഹ്മചാരി എന്നൊരുത്തനുമുണ്ടായിരുന്നു. അവർക്കുശേഷം ഒരു അസ്സൽ സ്വാമിയെ കാണുന്നത് ഇക്കഴിഞ്ഞദിവസമാണ്.

ഹോമപൂജാദികൾ കൊണ്ടു പവിത്രമാക്കപ്പെട്ട മാധവന്റെ ആശ്രമത്തിൽ നിന്നു പോലിസ് യൂനിഫോം പിടിച്ചുവെന്നാണു മറ്റൊരു ആരോപണം. അതു കോടിയേരിയുടെ പോലിസിനെ ആക്ഷേപിക്കാൻ വേണ്ടി ഉമ്മൻ കോൺഗ്രസ്സുകാർ ഒപ്പിച്ച വേലയായിരിക്കും. പിടിച്ചെടുത്തതു യഥാർഥത്തിൽ പോലിസ് യൂനിഫോമിനെപ്പോലെ തോന്നിക്കുന്ന ആധുനിക സന്ന്യാസിവസ്ത്രമാണെന്നാണു ഫോറൻസിക് പരിശോധനയിൽ തെളിഞ്ഞതത്രെ. തോന്ന്യാസ സി.ഡി അസാരം പിടിച്ചെടുത്തെന്നാണു മറ്റൊരു പെരുമ്പറ. കോയിക്കോട്ടങ്ങാടി ഒന്നു ചുറ്റിക്കറങ്ങിയാൽ ഏതു പൊട്ടനും ഈ മധുരമനോജ്ഞ സിനിമകൾ വീണുകിട്ടുമെന്നു കോരൻ അനുഭവജ്ഞാനം കൊണ്ടു മനസ്സിലാക്കിയിട്ടുണ്ട്. ചാനൽ തുറന്നാലും സൈറ്റ് തുറന്നാലും ചൂടൻരംഗങ